എ.വൈ.ആർ

സ്വന്തം ശക്തിയും സമ്പന്നതയും വിളംബരം ചെയ്യാൻ ആവശ്യത്തിനും അനാവശ്യത്തിനും ഉത്തുംഗ ഗോപുരങ്ങളും മഹാസൗധങ്ങളും നിർമിച്ചുകൂട്ടുക ദൈവഭയവും ധാർമിക ബോധവുമില്ലാത്ത വ്യക്തികളും സമൂഹങ്ങളും ഇന്നും അനുഷ്ഠിച്ചുവരുന്ന ധൂർത്തുകളിലൊന്നാണ്. ഏറ്റവും ഉയരം കൂടിയ കെട്ടിടം തങ്ങളുടെ രാജ്യത്തായിരിക്കണമെന്ന മോഹത്തോടെ രാഷ്ട്രങ്ങൾ ഉയരമേറിയ കെട്ടിടങ്ങൾ മത്സരിച്ച് നിർമിച്ചുകൊണ്ടിരിക്കുന്നു.



---

أَتَبْنُونَ بِكُلِّ رِيعٍ آيَةً تَعْبَثُونَ ﴿١٢٨﴾

وَتَتَّخِذُونَ مَصَانِعَ لَعَلَّكُمْ تَخْلُدُونَ ﴿١٢٩﴾

128 നിങ്ങൾ പീഠസ്ഥലങ്ങളിലൊക്കെയും വൃഥാ സ്മാരക സൗധങ്ങൾ കെട്ടിപ്പൊക്കുന്നുവോ?

129. മറ്റു വൻ കെട്ടിടങ്ങളും നിർമിച്ചുകൂട്ടുന്നുവല്ലോ; നിങ്ങൾക്ക് അനന്തകാലം വസിക്കാനുള്ളതെന്നോണം.

**128,129**

أَتَبْنُونَ = നിങ്ങൾ നിർമിക്കുന്നു, കെട്ടിപ്പൊക്കുന്നുവോ
بِكُلِّ رِيعٍ = പീഠസ്ഥലങ്ങളിലൊക്കെയും
آيَةً = അടയാളം (സ്മാരക സൗധങ്ങൾ)
تَعْبَثُونَ = നിങ്ങൾ വിനോദിച്ചുകൊണ്ട്, വൃഥാ
وَتَتَّخِذُونَ = നിങ്ങൾ എടുക്കുന്നു(നിർമിച്ചുകൂട്ടുന്നുവല്ലോ)
مَصَانِعَ = (മറ്റു) വൻ കെട്ടിടങ്ങളും
لَعَلَّكُمْ تَخْلُدُونَ = നിങ്ങൾ അനശ്വരരായെങ്കിലോ (അനന്തകാലം വസിക്കാനുള്ളതെന്നോണം)

സ്വന്തം ശക്തിയിലും സമൃദ്ധിയിലും മതിമറന്ന് അഹങ്കരിച്ച ആദ് വർഗം, ആ ശക്തിയും സമൃദ്ധിയും മറ്റുള്ളവർ കണ്ട് അത്ഭുതപ്പെടാനും സ്വയം സായൂജ്യമടയാനുമായി ഉയർന്ന സ്ഥലങ്ങളിലൊക്കെ ധാരാളം സ്മാരക സൗധങ്ങൾ പണിതുയർത്തിയിരുന്നു. آية എന്ന മൂലപദം ദൃഷ്ടാന്തം, അടയാളം, ചിഹ്നം, സ്മാരകം എന്നിവയെ കുറിക്കുന്നു. ഇവിടെ കെട്ടിട നിർമിതിയെ സൂചിപ്പിക്കുന്ന تبنون എന്ന പദം മുന്നിൽ വന്നിട്ടുള്ളതുകൊണ്ട് സ്മാരക മന്ദിരമാണ് ഉദ്ദേശ്യമെന്ന് വ്യക്തം. അത് വിശാലമായ കെട്ടിടങ്ങളായിരുന്നുവോ അംബരചുംബിയായ സ്തൂപങ്ങൾ മാത്രമായിരുന്നുവോ എന്ന് വ്യക്തമല്ല. സൂറ *അൽ ഫജ്റിൽ* ആദിനെ ارم ذات العماد (സ്തൂപങ്ങളുടയ ഇറം) എന്നും പരാമർശിക്കുന്നുണ്ട്. ഇവിടെ ഈ آيَة നിർമിതിയെ വൃഥാ അല്ലെങ്കിൽ വിനോദമായി- تَعْبَثُون - എന്നു വിശേഷിപ്പിക്കുന്നു. അതായത് ജനവാസത്തിനോ വ്യാപാരാവശ്യങ്ങൾക്കോ ഉപകരിക്കാത്ത വൃഥാവ്യയമായിട്ടാണവർ آيَة -കൾ നിർമിച്ചിരുന്നത്. മിക്കവാറും അൽ ഫജ്റിൽ പരാമർശിച്ച സ്തൂപങ്ങൾ തന്നെയായിരിക്കണം ഈ പറയുന്ന آيَة. പീഠസ്ഥലത്തിനും വഴിക്കും ريعة ഉപയോഗിക്കും. ഇവിടെ ഉദ്ദേശ്യം പീഠസ്ഥലമാണെന്നാണ് പ്രബലമായ പക്ഷം. പീഠസ്ഥലങ്ങളിൽ ഉയരമേറിയ സ്തൂപങ്ങൾ സ്ഥാപിച്ചാൽ ഏറെ ദൂരത്തുനിന്നുതന്നെ കാഴ്ചയിൽപെടുമല്ലോ. ആദ് ഗോത്രത്തിന്റെ പരിസരത്തിലൂടെ കടന്നുപോകുന്ന സഞ്ചാരികളും ആ സ്തൂപങ്ങൾ കണ്ട് അത്ഭുതപ്പെടുകയും അതാരുടേതാണെന്നറിഞ്ഞ് തങ്ങളെ ബഹുമാനിക്കുകയും വേണം. ആദ് വർഗം ഉപയോഗാർഥം പണിതിരുന്ന വീടുകൾ, വ്യവസായ-വ്യാപാര ശാലകൾ, കോട്ട കൊത്തളങ്ങൾ തുടങ്ങിയ കെട്ടിടങ്ങളും അതിഗംഭീരങ്ങളായിരുന്നു. ആവശ്യമുള്ളതിലും എത്രയോ അധികം കെട്ടുറപ്പുള്ളതും സാധന സാമഗ്രികളാൽ സജ്ജീകൃതവുമായിരുന്നു. ഇന്നല്ലെങ്കിൽ നാളെ ഈ മഹാ സൗധങ്ങളുപേക്ഷിച്ച് മരിച്ചുപോകേണ്ടതുണ്ടെന്ന വിചാരം

അവർക്ക് അൽപവും ഉണ്ടായിരുന്നില്ല. കാലാകാലം ആ സൗധങ്ങളിൽ വാണരുളേണ്ടവരാണ് തങ്ങളെന്നായിരുന്നു ഭാവം. നിർമാണം, ഉൽപാദനം എന്നും ഔദാര്യം, ആനുകൂല്യം എന്നും ഭാഷാർഥമുള്ള صنع -ൽനിന്നുത്ഭവിച്ച مصنع-ന്റെ ബഹുവചനമാണ് مصانع. വ്യവസായത്തിന് صِناعة എന്നു പറയും. വ്യവസായശാലയും ഉൽപാദന കേന്ദ്രവും مَصْنَع ആണ്. വൻ നിർമാണം എന്ന ആശയത്തെ ആസ്പദിച്ച് വലിയ കെട്ടിടങ്ങൾക്കും مصانع ഉപയോഗിക്കുന്നു.

സ്വന്തം ശക്തിയും സമ്പന്നതയും വിളംബരം ചെയ്യാൻ ആവശ്യത്തിനും അനാവശ്യത്തിനും ഉത്തുംഗ ഗോപുരങ്ങളും മഹാ സൗധങ്ങളും നിർമിച്ചുകൂട്ടുക ദൈവഭയവും ധാർമിക ബോധവുമില്ലാത്ത വ്യക്തികളും സമൂഹങ്ങളും ഇന്നും അനുഷ്ഠിച്ചുവരുന്ന ധൂർത്തുകളിലൊന്നാണ്. ഏറ്റവും ഉയരം കൂടിയ കെട്ടിടം തങ്ങളുടെ രാജ്യത്തായിരിക്കണമെന്ന മോഹത്തോടെ രാഷ്ട്രങ്ങൾ ഉയരമേറിയ കെട്ടിടങ്ങൾ മത്സരിച്ച് നിർമിച്ചുകൊണ്ടിരിക്കുന്നു. കെട്ടിട നിർമാണത്തിലുള്ള ഈ പൊങ്ങച്ചഭ്രമവും മാത്സര്യവും കേരളം പോലുള്ള നാടുകളിൽ സാധാരണക്കാരെയും വല്ലാതെ ബാധിച്ചിരിക്കുന്നു. തനിക്കും കുടുംബത്തിനും പാർക്കാൻ ഒരു ഇടം എന്നതിനപ്പുറം തങ്ങൾ സമ്പത്തും സൗഭാഗ്യങ്ങളുമുള്ളവരാണെന്ന് ജനങ്ങളോട് വിളംബരം ചെയ്യാനുള്ള മാധ്യമമാണ് പലർക്കും വീട്. കാണുന്നവർ ആരുടേതാണ് ആ വീട് എന്ന് അന്വേഷിക്കണം. അതിന്റെ പുറം കാഴ്ചയും അകക്കാഴ്ചയും കണ്ട് അത്ഭുതപ്പെടുകയും അസൂയപ്പെടുകയും വേണം. അതിനു വേണ്ടി ആവശ്യത്തിൽ കവിഞ്ഞ വലിപ്പവും സജ്ജീകരണങ്ങളുമുള്ള വീടുകളൊരുക്കുന്നു. ചിലർ ഉള്ള സമ്പാദ്യമെല്ലാം വീടിന്മേൽ മുടിപ്പിച്ച് പാപ്പരാകുന്നു. സമ്പാദ്യവും വരുമാനവും ഇല്ലാത്തവർ പലിശക്ക് പണം കടമെടുത്ത് വലിയ വീടുകളുണ്ടാക്കുന്നു. ഇങ്ങനെ നിർമിക്കപ്പെട്ട വീടുകൾ ചിലപ്പോൾ താമസമാക്കി അധികനാൾ കഴിയും മുമ്പ് പലിശ വ്യാപാരികൾ കൈവശപ്പെടുത്തുന്നു. വീടുപണി തീരുന്നതിനു മുമ്പുതന്നെ കടക്കാർക്ക് കൊടുക്കേണ്ടിവരുന്ന അനുഭവങ്ങളും വിരളമല്ല.

ന്യായമായ ആവശ്യങ്ങൾക്കു വേണ്ടി, ആ ആവശ്യം നിവർത്തിക്കാൻ ഉതകുന്ന കെട്ടിടങ്ങൾ പണിയുന്നതിനെയല്ല ഹൂദ് (അ) വിമർശിക്കുന്നത്. ആവശ്യമില്ലാതെ കേവലം വിനോദമായി വൃഥാ- عَبَثًا- എടുപ്പുകൾ കെട്ടിപ്പൊക്കുന്നതിനെയും ന്യായമായ ആവശ്യത്തിനു വേണ്ടിയായാലും ആ ആവശ്യനിവൃത്തിക്കു വേണ്ടതിലേറെ വലിപ്പവും അമിത സജ്ജീകരണങ്ങളുമുള്ള കെട്ടിടങ്ങൾ നിർമിച്ചുകൂട്ടുന്നതിനെയാണ്- അത് വീടാവട്ടെ, വ്യവസായശാലയാവട്ടെ, വ്യാപാര കേന്ദ്രമാവട്ടെ, ഓഫീസുകളാവട്ടെ, ആരാധനാലയങ്ങളാവട്ടെ. പണമുണ്ടെന്ന് കരുതി അനാവശ്യമായ കെട്ടിടങ്ങൾ നിർമിച്ചുകൂട്ടുന്നത് അധാർമികമാണ്. അതിന്റെ നിർമാതാക്കളിൽ പൊങ്ങച്ചവും അഹന്തയും ജാടയും വളരുന്നു. പണമില്ലാത്തവരും അത്തരം ധൂർത്തിലേക്ക് ആകർഷിക്കപ്പെടുന്നു. ഒരു വിഭാഗം അനാവശ്യമായി കെട്ടിടങ്ങൾ നിർമിക്കുമ്പോൾ അതിന്റെ ഫലം മറ്റൊരു വിഭാഗം അത്യാവശ്യ പാർപ്പിടം നിർമിക്കാനാവാതെ വിഷമിക്കുകയാണ്. വൻ കെട്ടിടങ്ങളുടെ പെരുപ്പം പരിസ്ഥിതി ദൂഷണത്തിനും കാരണമാകുന്നു. അനിയന്ത്രിതമായ നിർമാണ പ്രവർത്തനം സൃഷ്ടിക്കുന്ന പരിസ്ഥിതി ദൂഷണത്തിന് കേരളം തന്നെ മികച്ച ഉദാഹരണമാകുന്നു. കരിങ്കൽ ക്വാറികൾ മലകളെയും ചെങ്കൽ ക്വാറികൾ കുന്നുകളെയും മണലെടുപ്പ് നദികളെയും മണ്ണെടുപ്പ് നീർക്കെട്ടുകളെയും വയലുകളെയും നശിപ്പിച്ചുകൊണ്ടിരിക്കുന്നു. കാലാവസ്ഥാ വ്യതിയാനവും കൃഷിനാശവും ജലക്ഷാമവും വർഷം തോറും വർധിച്ചുവരുന്നു. ■

---

وَإِذَا بَطَشْتُم بَطَشْتُمْ جَبَّارِينَ ﴿١٣٠﴾

130 ബലം പ്രയോഗിക്കുമ്പോൾ നിങ്ങൾ നിഷ്ഠുരമായി പ്രയോഗിക്കുന്നു.

**130**

| | |
|---|---|
| وَإِذَا بَطَشْتُم | = നിങ്ങൾ ബലം പ്രയോഗിക്കുമ്പോൾ |
| بَطَشْتُمْ جَبَّارِينَ | = നിങ്ങൾ നിഷ്ഠുരരായി ബലം പ്രയോഗിച്ചു (ക്കുന്നു) |

ആദ് സമൂഹം മഹാ മർദക സമൂഹമായിരുന്നു. പ്രബലന്മാർ ദുർബലരെ ബലാൽക്കാരം അടിച്ചമർത്തിയും അടിമപ്പെടുത്തിയും ചൂഷണം ചെയ്യുകയായിരുന്നു. ശത്രുവെന്നോ മിത്രമെന്നോ ഇല്ലാതെ ദുർബല വിഭാഗം പ്രബല വിഭാഗത്തിന് കീഴടങ്ങി വാണുകൊള്ളണം. കായബലവും വിത്തബലവുമുള്ളവർക്ക് അതില്ലാത്തവരെ എങ്ങനെയും ഉപയോഗിക്കാം. വേതനം കൊടുക്കാതെ ഏതു കഠിനാധ്വാനവും ചെയ്യിക്കാം. അതിനു വഴങ്ങാൻ മടിക്കുന്നവരെ അതിഭീകരമായി മർദിച്ചൊതുക്കാം. ശത്രു സമുദായങ്ങളോടും രാജ്യങ്ങളോടുമുള്ള സമീപനവും ഇതു തന്നെയായിരുന്നു. തങ്ങൾ വൻശക്തിയും ലോകത്തിന്റെ നായകരുമാണെന്ന് അഹങ്കരിക്കുകയും ഇതര സമൂഹങ്ങളെല്ലാം തങ്ങളുടെ ചൊൽപ്പടിക്ക് നിന്നുകൊള്ളണമെന്നാഗ്രഹിക്കുകയും ചെയ്യുന്ന ധിക്കാരി സമൂഹങ്ങൾ ഇന്നും അനുവർത്തിക്കുന്നത് ഈ ഭീകരതയും നിഷ്ഠുരതയും തന്നെയാണ്. പടിഞ്ഞാറൻ രാജ്യങ്ങൾ, പ്രത്യേകിച്ച് അമേരിക്കയും റഷ്യയും ഇസ്രയേലും അവർക്ക് വഴങ്ങാൻ മടിക്കുന്ന രാജ്യങ്ങളോടും ജനങ്ങളോടും അനുവർത്തിക്കുന്ന ഭീകരവും കിരാതവുമായ

നശീകരണ നടപടികൾ ഏവർക്കും അറിവുള്ളതാണല്ലോ.
ഹൂദ് നബിയുടെ ഈ പ്രബോധനശൈലി ഇസ്‌ലാമിക പ്രബോധനത്തിന്റെ സവിശേഷ സ്വഭാവത്തെക്കൂടി പ്രകാശിതമാക്കുന്നുണ്ട്. ആത്മീയമായ ഉദ്ബോധനത്തോടൊപ്പം സാമൂഹിക വിമർശനവും സമൂഹത്തിന്റെ തെറ്റായ സമ്പ്രദായങ്ങൾ തിരുത്താനുള്ള ശ്രമവും ദീനീ പ്രബോധനത്തിന്റെ അവിഭാജ്യ ഘടകമാകുന്നു. കെട്ടിട നിർമാണവും ബലം പ്രയോഗിക്കുമ്പോൾ അമിതമായി പ്രയോഗിക്കുന്നതും വ്യഭിചാരവും മോഷണവും പോലെയുള്ള കാര്യങ്ങളല്ല. എന്നിട്ടും അത്തരം അധാർമികതകൾക്കു മുമ്പേ ഹൂദ്(അ) ആദ്യം ശബ്ദമുയർത്തുന്നത് കെട്ടിട ഭ്രമത്തിനും അമിത ബലപ്രയോഗത്തിനും എതിരെയാണ്. മറ്റു തിന്മകളേക്കാൾ അക്കാലത്ത് ആ സമൂഹത്തിൽ മുഴച്ചുനിന്നിരുന്നത് ഈ തിന്മകളായിരുന്നു എന്നതും അതിനെതിരെ ശബ്ദമുയർത്തേണ്ടത് ഇസ്‌ലാമിക പ്രബോധകന്റെ ബാധ്യതയാകുന്നു എന്നതുമാണതിനു കാരണം. ■

---

131 അല്ലാഹുവിനെ ഭയപ്പെടുവിൻ, എന്നെ അനുസരിക്കുവിൻ.

فَاتَّقُوا اللَّهَ وَأَطِيعُونِ ﴿١٣١﴾

132 നിങ്ങൾ അറിയുന്നതൊക്കെയും നൽകിയവനോട് ഭയഭക്തിയുള്ളവരായിരിക്കുവിൻ.

وَاتَّقُوا الَّذِي أَمَدَّكُمْ بِمَا تَعْلَمُونَ ﴿١٣٢﴾

133 നിങ്ങൾക്കു കാലികളെയും സന്തതികളെയും നൽകിയവനോട്.

أَمَدَّكُمْ بِأَنْعَامٍ وَبَنِينَ ﴿١٣٣﴾

134 തോട്ടങ്ങളും ജലസ്രോതസ്സുകളും നൽകിയവനോട്.

وَجَنَّاتٍ وَعُيُونٍ ﴿١٣٤﴾

135 ഒരു ഭയങ്കര നാളിൽ നിങ്ങൾക്കു മേൽ ദൈവശിക്ഷയിറങ്ങുമെന്ന് ഞാൻ ഭയപ്പെടുന്നു.

إِنِّي أَخَافُ عَلَيْكُمْ عَذَابَ يَوْمٍ عَظِيمٍ ﴿١٣٥﴾

**131–135**

فَاتَّقُوا اللَّهَ = നിങ്ങൾ അല്ലാഹുവിനെ ഭയപ്പെടുവിൻ
وَأَطِيعُونِ = എന്നെ അനുസരിക്കുവിൻ
وَاتَّقُوا = നിങ്ങൾ ഭയഭക്തിയുള്ളവരായിരിക്കുവിൻ
الَّذِي أَمَدَّكُمْ = നിങ്ങളെ സഹായിച്ചവനോട്, നിങ്ങളെ വികസിപ്പിച്ചവനോട്, നിങ്ങൾക്ക് നൽകിയവനോട്
بِمَا تَعْلَمُونَ = നിങ്ങൾ അറിയുന്നതൊക്കെയും കൊണ്ട്
أَمَدَّكُمْ بِأَنْعَامٍ وَبَنِينَ = കാലികളെ(യും) കൊണ്ടും സന്താനങ്ങളെ കൊണ്ടും(ളെയും നൽകിയവനോട്)
وَجَنَّاتٍ وَعُيُونٍ = തോട്ടങ്ങളും ജലസ്രോതസ്സുകളും (നൽകിയവനോട്)
إِنِّي أَخَافُ عَلَيْكُمْ = ഞാൻ നിങ്ങളുടെ മേൽ ഭയപ്പെടുന്നു
عَذَابَ يَوْمٍ عَظِيمٍ = ഒരു ഭയങ്കര നാളിൽ നിങ്ങൾക്കു മേൽ ദൈവശിക്ഷയിറങ്ങുമെന്ന്

അല്ലാഹുവിൽ വിശ്വസിച്ചും അവന്റെ ശിക്ഷയെ ഭയന്നും ഇത്തരം അക്രമപരവും അധാർമികവുമായ ജീവിതരീതികളിൽനിന്ന് വിരമിച്ച് ഞാൻ കാണിച്ചുതരുന്ന ധാർമികവും നൈതികവുമായ ജീവിതചര്യ സ്വീകരിക്കണമെന്ന് ഹൂദ്(അ) അവരെ പേർത്തും പേർത്തും ആഹ്വാനം ചെയ്തുകൊണ്ടിരുന്നു. അദ്ദേഹം പറഞ്ഞു: എന്റെ സമുദായമേ, നിങ്ങൾ നിങ്ങളുടേതെന്നു മനസ്സിലാക്കി ഊറ്റം കൊള്ളുന്ന വിഭവങ്ങളും സൗഭാഗ്യങ്ങളുമൊന്നും യഥാർഥത്തിൽ സ്വന്തം യോഗ്യത കൊണ്ട് ആർജിച്ചതല്ല. അതൊക്കെയും അല്ലാഹു നിങ്ങൾക്ക് കനിഞ്ഞരുളിയതാണ്. നിങ്ങളുടെ സന്തതികൾ നിങ്ങളുടെ കഴിവു കൊണ്ട് മാത്രം ലഭിച്ചതാണോ? നിങ്ങളുടെ കാലികളും ഫലഭൂയിഷ്ഠമായ തോട്ടങ്ങളും ജലസ്രോതസ്സുകളും നിങ്ങൾ സൃഷ്ടിച്ചതാണോ? ഒക്കെയും അല്ലാഹു നൽകിയതാകുന്നു. ഈ അനുഗ്രഹങ്ങളെല്ലാം നൽകിയ അല്ലാഹുവിനോട് നിങ്ങൾക്ക് ഒരുത്തരവാദിത്തമുണ്ട്. അവൻ നൽകിയ അനുഗ്രഹങ്ങൾ അവൻ തൃപ്തിപ്പെടുന്ന രീതിയിൽ കൈകാര്യം ചെയ്യുകയും അനുഭവിക്കുകയും ചെയ്യുക എന്നതാണത്. ദൈവം തന്ന അനുഗ്രഹങ്ങൾ നിങ്ങൾ അവനെ ധിക്കരിക്കാനായി ഉപയോഗിക്കുന്നത് നിസ്സഹായനായി കണ്ടിരിക്കുകയല്ല ദൈവം. എല്ലാത്തിനും അവൻ നിശ്ചയിച്ച ഒരതിരുണ്ട്. ആ അതിരിലെത്തിയാൽ അവൻ നിങ്ങളെ ശിക്ഷിക്കും. ആരാലും തടയാനോ നീട്ടിവെക്കാനോ കഴിയാത്ത ഒരു ഭയങ്കര നാളിൽ നിങ്ങൾക്കു മീതെ ദൈവശിക്ഷയിറങ്ങുമെന്ന് ഞാൻ ഭയപ്പെടുന്നു. ദൈവത്തി

ലും എന്റെ ദൗത്യം വിശ്വസിച്ചും എന്നിലൂടെ ദൈവം വെളിപ്പെടുത്തിയ ധർമശാസനകളനുസരിച്ചും ആ മഹാശിക്ഷയിൽനിന്ന് രക്ഷപ്പെടാനുള്ള മാർഗം തേടണമെന്നാണ് ഞാൻ നിങ്ങളെ ഉപദേശിക്കുന്നത്. ■

---

قَالُوا سَوَاءٌ عَلَيْنَا أَوَعَظْتَ أَمْ لَمْ تَكُنْ مِنَ الْوَاعِظِينَ ﴿١٣٦﴾

136 അവർ ഘോഷിച്ചു: നീ ഉപദേശിച്ചാലും ഉപദേശകനായിട്ടില്ലെങ്കിലും ഞങ്ങൾക്കു തുല്യമാകുന്നു.

إِنْ هَٰذَا إِلَّا خُلُقُ الْأَوَّلِينَ ﴿١٣٧﴾

137 ഇതൊക്കെയും പൂർവാചാരങ്ങൾ മാത്രം.

وَمَا نَحْنُ بِمُعَذَّبِينَ ﴿١٣٨﴾

138 ഞങ്ങൾ ശിക്ഷിക്കപ്പെടാനൊന്നും പോകുന്നില്ല.

**136-138**

قَالُوا = അവർ പറഞ്ഞു (ഘോഷിച്ചു) സَوَاءٌ عَلَيْنَا = ഞങ്ങൾക്ക് തുല്യമാകുന്നു

أَوَعَظْتَ = നീ ഉപദേശിച്ചുവോ(ച്ചാലും)

أَمْ لَمْ تَكُنْ مِنَ الْوَاعِظِينَ = അല്ലെങ്കിൽ നീ ഉപദേശി(ഉപദേശകൻ)ക്കുന്നവരിൽ പെട്ടവൻ ആയിട്ടില്ലെങ്കിലും

إِنْ هَٰذَا = ഇത് (ഒക്കെയും) അല്ല

إِلَّا خُلُقُ الْأَوَّلِينَ = ആദ്യകാലക്കാരുടെ ആചാരം അല്ലാതെ (പൂർവാചാരങ്ങൾ മാത്രം)

وَمَا نَحْنُ بِمُعَذَّبِينَ = ഞങ്ങൾ ശിക്ഷിക്കപ്പെടുന്നവരല്ല (ശിക്ഷിക്കപ്പെടാനൊന്നും പോകുന്നില്ല)

ഹൂദ് നബിയുടെ ഉപദേശങ്ങളൊന്നും ചെവിക്കൊള്ളാൻ ആ ജനത തയാറായിരുന്നില്ല. അവരെ സംബന്ധിച്ചേടത്തോളം അദ്ദേഹം ഉപദേശിക്കുന്നതും ഉപദേശിക്കാതിരിക്കുന്നതും തുല്യമായിരുന്നു. നീ ഉപദേശിച്ചാലും ഇല്ലെങ്കിലും ഞങ്ങൾക്ക് ഒരു പോലെയാണെന്ന് പറയേണ്ട സ്ഥാനത്ത് ഉപദേശിച്ചാലും ഉപദേശകന്മാരിൽ പെട്ടവനായിട്ടില്ലെങ്കിലും- سَوَاءٌ عَلَيْنَا أَوَعَظْتَ أَمْ لَمْ تَكُنْ مِنَ الْوَاعِظِينَ എന്നാണവർ പറഞ്ഞത്. ഞങ്ങൾ നിന്റെ ഉപദേശം സ്വീകരിക്കുന്നില്ലെന്നു മാത്രമല്ല നിന്നെപ്പോലൊരു ഉപദേശകന്റെ ആവശ്യമേ ഞങ്ങൾക്കില്ല എന്നാണതിന്റെ താൽപര്യം. ഞങ്ങളുടെ സുരക്ഷക്കും വികസനത്തിനും വേണ്ടതെന്തൊക്കെയാണെന്ന് ഞങ്ങൾക്കറിയാം, അതിന് നിന്റെ ഉപദേശം വേണ്ട. خلق الأولين എന്ന വാക്കിനെ പൂർവാചാരങ്ങൾ എന്നാണ് തർജമ ചെയ്തിരിക്കുന്നത്. خلق -ന് സ്വഭാവം, ധർമം, സമ്പ്രദായം എന്നീ ആശയങ്ങളുമുണ്ട്. ഖുർആൻ വ്യാഖ്യാതാക്കൾ ഇതിനെ രണ്ടു തരത്തിൽ വ്യാഖ്യാനിച്ചിരിക്കുന്നു: 1) നീ ഇപ്പറയുന്ന ആദർശങ്ങളും ധർമവ്യവസ്ഥയും ദൈവശിക്ഷയുമൊക്കെയുണ്ടല്ലോ, ചിലയാളുകൾ അതൊക്കെ ഓതി നടക്കുക പണ്ടുമുതലേയുള്ളതാണ്. ഞങ്ങളെപ്പോലുള്ളവർ അതൊന്നും ഒട്ടും വകവെക്കാറില്ല. വകവെക്കേണ്ട കാര്യവുമില്ല. ഇഷ്ടപ്പെട്ട വിധത്തിൽ ജീവിക്കാനുള്ള സ്വാതന്ത്ര്യം ഞങ്ങൾക്കുണ്ട്. ഞങ്ങൾക്ക് സുഖവും സന്തോഷവും നൽകുന്ന കർമങ്ങളാണ് ഞങ്ങൾ ചെയ്യുന്നത്. നല്ലതെന്നു കണ്ട് ഞങ്ങൾ ചെയ്ത കർമങ്ങളുടെ പേരിൽ അല്ലാഹു ശിക്ഷിക്കുമെന്നൊന്നും ഞങ്ങൾ പേടിക്കുന്നില്ല. 2) ഞങ്ങൾ പിന്തുടരുന്ന ആചാരവിചാരങ്ങൾ ഞങ്ങളായിട്ട് ഉണ്ടാക്കിയതൊന്നുമല്ല. അത് പൂർവപിതാക്കളിൽനിന്ന് പൈതൃകമായി ലഭിച്ചതാണ്. പൂർവപിതാക്കളുടെ കാൽപാടുകൾ പിന്തുടർന്നതിന്റെ പേരിൽ ഒരിക്കലും ദൈവം ശിക്ഷിക്കുകയില്ല. ■

---

فَكَذَّبُوهُ فَأَهْلَكْنَاهُمْ ۗ إِنَّ فِي ذَٰلِكَ لَآيَةً ۖ وَمَا كَانَ أَكْثَرُهُمْ مُؤْمِنِينَ ﴿١٣٩﴾

139 അങ്ങനെ അവരദ്ദേഹത്തെ പൂർണമായി തള്ളിക്കളഞ്ഞു. നാമോ, അവരെ ഈ ഭൂമിയിൽനിന്ന് ഉന്മൂലനം ചെയ്യുകയും ചെയ്തു. ഇതിൽ വലിയൊരു ദൃഷ്ടാന്തമുണ്ട്. പക്ഷേ അധിക ജനവും സത്യം വിശ്വസിക്കുന്നവരായില്ല.

وَإِنَّ رَبَّكَ لَهُوَ الْعَزِيزُ الرَّحِيمُ ﴿١٤٠﴾

140 നിന്റെ നാഥൻ അജയ്യനും കരുണാമയനും തന്നെയാകുന്നു.

139,140

| | |
|---|---|
| فَكَذَّبُوهُ | = അങ്ങനെ അവരദ്ദേഹത്തെ (പൂർണമായി) തള്ളിക്കളഞ്ഞു |
| فَأَهْلَكْنَاهُمْ | = അപ്പോൾ നാം അവരെ നശിപ്പിച്ചു(ഭൂമിയിൽനിന്ന് ഉന്മൂലനം ചെയ്യുകയും) |
| إِنَّ فِي ذَٰلِكَ لَآيَةً | = തീർച്ചയായും ഇതിൽ (വലിയ) ദൃഷ്ടാന്തം തന്നെയുണ്ട് |
| وَمَا كَانَ أَكْثَرُهُمْ | = (പക്ഷേ) അവർ അധികവും (അധിക ജനവും) ആയിട്ടില്ല |
| مُؤْمِنِينَ | = (സത്യം) വിശ്വസിക്കുന്നവർ |
| وَإِنَّ رَبَّكَ لَهُوَ الْعَزِيزُ الرَّحِيمُ | = നിന്റെ നാഥൻ അജയ്യനും കരുണാമയനും തന്നെയാകുന്നു |

ഇങ്ങനെ കുതർക്കങ്ങളുന്നയിച്ചുകൊണ്ട് ആദ് വർഗം പ്രവാചകൻ ഹൂദിനെയും അദ്ദേഹത്തിന്റെ സദുപദേശങ്ങളെയും പൂർണമായി തള്ളിക്കളഞ്ഞു. അവർ സ്വന്തം അന്ധവിശ്വാസങ്ങളിലും അതിക്രമങ്ങളിലും അടിക്കടി മുന്നേറിക്കൊണ്ടിരുന്നു. ഒടുവിൽ അല്ലാഹു അവർക്ക് നിശ്ചയിച്ച അവധിയെത്തി. അവൻ അവരിൽ തന്റെ ശിക്ഷാവിധി നടപ്പാക്കുകയും ചെയ്തു.

ആദ് വർഗത്തിന്റെ വിനാശം വിശുദ്ധ ഖുർആൻ മറ്റിടങ്ങളിൽ ഇങ്ങനെ വിവരിച്ചിരിക്കുന്നു: പെട്ടെന്ന് ഒരു കൊടുങ്കാറ്റ് ആ പ്രദേശത്തെ ബാധിച്ചു. ആ കാറ്റ് എട്ടു പകലും ഏഴു രാത്രിയും അതിന്റെ വിവരണാതീതമായ രൂക്ഷതയോടെ തുടർന്നു. അത് തണുപ്പുള്ള കാറ്റായിരുന്നില്ല. അസഹ്യമായ ചുടുകാറ്റായിരുന്നു. ഭൂമി പെട്ടെന്ന് വരണ്ടുണങ്ങി. സസ്യങ്ങൾ വാടിക്കരിഞ്ഞു. കാറ്റിന്റെ ശക്തിയാൽ ആളുകൾ എടുത്തെറിയപ്പെട്ടുകൊണ്ടിരുന്നു. കെട്ടിടങ്ങൾ നിലംപരിശായി. ആദ് വർഗത്തിലെ അവസാനത്തെ അംഗവും അന്ത്യശ്വാസം വലിക്കുന്നതുവരെ കാറ്റ് ശമിച്ചില്ല. അവരുടെ നാഗരികതയുടെ അടയാളങ്ങൾ പോലും അവശേഷിച്ചില്ല. ഇന്ന് അഹ്ഖാഫ് പ്രദേശം മനുഷ്യന് കടന്നുചെല്ലാനാവാത്ത മരുഭൂമിയാണ്. ആദ് വർഗത്തിന്റെ സംസ്കാരത്തിന്റെയും നാഗരികതയുടെയും അവശിഷ്ടങ്ങൾ കണ്ടെടുക്കാൻ കഴിഞ്ഞിരുന്നുവെങ്കിൽ അത് ഈജിപ്ഷ്യൻ സംസ്കാരത്തേക്കാൾ മികച്ചതാണെന്ന് തെളിയുമായിരുന്നുവെന്ന് അല്ലാമാ മുഹമ്മദ് മുതവല്ലി ശഅ്റാവി അഭിപ്രായപ്പെട്ടിരിക്കുന്നു. وَمَا كَانَ ...... الرَّحِيمُ എന്ന വാക്യങ്ങൾ നൂഹ് നബിയുടെ കഥയുടെ ഉപസംഹാരത്തിൽ വന്നിട്ടുള്ളതാണ്. വിശദീകരണം അവിടെ കാണുക. ■